compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 മെയ് 19
Tuesday, 19th May 2026

1201 ഇടവം 5
5th Idavam 1201

1948 വൈശാഖം 29
29th Vaisakha 1948

വാല്യം **15**
Vol. XV

നമ്പർ **20**
No.

Part III

Fisheries and Ports Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ലേല പരസ്യം

നമ്പർ സി 54/2026-27. 2026 ഏപ്രിൽ 29.

2026 മേയ് മാസം മുതൽ 2027 മാർച്ച് 31 വരെയുള്ള സാമ്പത്തിക വർഷം പന്നിവേലിച്ചിറ ഫിഷറീസ് കോംപ്ലക്സ് വക ഫാമിന്റെ വകയായുള്ള കായ്ഫലമുള്ള 84 തെങ്ങുകളുടെ മേലാദായം ശേഖരിക്കുന്നതിനുള്ള അവകാശം 2026 മേയ് മാസം 20-ാം തീയതി പകൽ 12.30 മണിയ്ക്ക് ആഫീസിൽ വച്ച് സൂപ്രണ്ട് പരസ്യമായി ലേലം ചെയ്തു കൊടുക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലം തുടങ്ങുന്നതിനുമുമ്പായി ₹ 3,200 നിരതദ്രവ്യമായി കെട്ടിവെയ്ക്കേണ്ടതാണ്.

സർക്കാർ ലേലം ഏറ്റെടുത്ത് കരാർ വീഴ്ച വരുത്തിയിട്ടുള്ളവർ ലേലത്തിൽ പങ്കെടുക്കാൻ അർഹരല്ല. ഏറ്റവും കൂടിയ തുകയ്ക്ക് ലേലം പിടിക്കുന്ന ആളിന്റെ പേരിൽ ലേലം താത്കാലികമായി ഉറപ്പിക്കുന്നതും ഫിഷറീസ് ഡയറക്ടറുടെ അനുവാദം കിട്ടുന്ന മുറയ്ക്ക് ലേലം സ്ഥിരപ്പെടുത്തുന്നതുമാണ്.

ലേലം മൂന്ന് വിളിച്ചുനിർത്തിയാൽ ഉടൻ നിരതദ്രവ്യം ഉൾപ്പെടെ ലേല സംഖ്യയുടെ നാലിലൊന്ന് തുക ലേലക്കാരൻ അപ്പോൾത്തന്നെ ഡേ മണിയായി കെട്ടിവെയ്ക്കേണ്ടതാണ്.

ലേലം സ്ഥിരപ്പെടുത്തിയ വിവരം അറിയിക്കുന്ന തീയതി മുതൽ ഒരാഴ്ചയ്ക്കകം ലേലക്കാരൻ ആഫീസിൽ ഹാജരായി ₹ 200 (ഇരുനൂറ് രൂപ മാത്രം)-ന്റെ മുദ്രപ്പത്രത്തിൽ ഒരു കരാർ ഉടമ്പടി തരേണ്ടതും അതിനുവിപരീതമായി പ്രവർത്തിക്കുന്ന പക്ഷം ലേലക്കാരൻ കെട്ടിവെച്ച തുക കണ്ടുകെട്ടി തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതുമായിരിക്കും. ടി ഉടമ്പടി എഴുതിത്തരുന്നതിനുമുമ്പായി കായ്ഫലം എടുക്കാൻ പാടില്ലാത്തതുമാകുന്നു.

ലേലത്തുക രണ്ട് ഗഡുക്കളായി അടയ്ക്കാവുന്നതാണ്. ഒന്നാം ഗഡുവായ മൂന്നിൽരണ്ട് തുക ഉടമ്പടിയോടൊപ്പം കെട്ടിവെയ്ക്കേണ്ടതും രണ്ടാം ഗഡുവായ ബാക്കി മുഴുവൻ തുകയും 2027 ഫെബ്രുവരി മാസം 15-ാം തീയതിക്കുമുമ്പായി അടച്ചുതീർക്കേണ്ടതുമാണ്. രണ്ടാം തവണ ലേലക്കാരൻ പണമടയ്ക്കാൻ പിഴവുവരുത്തിയാൽ തുടർന്ന് ആദായം എടുക്കുന്നതിനുള്ള അവകാശം റദ്ദുചെയ്യുന്നതും പുനർലേലം നടത്തി സെക്യൂരിറ്റി തുക കണ്ടുകെട്ടുന്നതുമാണ്.

മാർച്ച് മാസത്തിൽ മേലാദായം ശേഖരിക്കുമ്പോൾ കരിക്ക് പൂർണ്ണമായും ശേഖരിക്കാൻ പാടില്ലാത്തതാകുന്നു. മേലാദായം ശേഖരിക്കുന്നത് ഓഫീസ് പ്രവൃത്തി ദിവസം ഓഫീസ് അനുമതിയോടുകൂടി മാത്രമായിരിക്കണം.

ലേലത്തുകയുടെ തവണകൾക്ക് മുടക്കം വരുത്തിയാൽ മുടക്കം വരുത്തിയ തീയതി മുതൽ ആദ്യത്തെ ഒരുമാസത്തേക്ക് 6% നിരക്കിലും രണ്ടാമത്തെ മാസത്തേക്ക് 8% നിരക്കിലും തുടർന്നുള്ള കാലത്തേക്ക് 10% നിരക്കിലും പിഴ അടയ്ക്കേണ്ടതാണ്. ലേലക്കാരൻ ഡിപ്പാർട്ട്മെന്റ് പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാക്കാൻ പാടില്ല. ഫിഷ് ഫാമിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ഫാമിലെ ലേലം ചെയ്ത വൃക്ഷങ്ങൾ ഉൾപ്പെടെയുള്ള ഏതൊരുവൃക്ഷവും മുറിച്ചു മാറ്റുന്നതിനുള്ള അധികാരം ചുവടെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്. ഈ വിഷയങ്ങൾ സംബന്ധിച്ചുണ്ടാകുന്ന ഏതൊരു തർക്കങ്ങൾക്കും നഷ്ടപരിഹാരങ്ങൾക്കും ഫിഷറീസ് ഡയറക്ടറുടെ തീരുമാനം അന്തിമമായിരിക്കും. ലേല നടപടികൾ ഏതു ഘട്ടത്തിലും നിർത്തിവയ്ക്കാനോ മരവിപ്പിക്കുവാനോ ഉള്ള അധികാരം സൂപ്രണ്ടിൽ നിക്ഷിപ്തമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഏതെങ്കിലും കാരണവശാൽ ലേലം നടത്തുവാൻ തീരുമാനിച്ച ദിവസം അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം നിശ്ചിത സമയത്ത് ലേലം നടത്തുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി സമയങ്ങളിൽ ആഫീസുമായി ബന്ധപ്പെടുക. ഫോൺ-0468 2214589.

ഫിഷറീസ് കോംപ്ലക്സ്, (ഒപ്പ്)
പന്നിവേലിച്ചിറ. സൂപ്രണ്ട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർ/ഉത്തരമേഖല (കോഴിക്കോട്) ഫിഷറീസ് ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം

നമ്പർ JDFKZD/185/2025-F. 2026 ഏപ്രിൽ 30.

വിഷയം:— ഫിഷറീസ്— സഹകരണം— തിരൂർ താലൂക്ക് ഫിഷ് പ്രോസസിംഗ് ആൻഡ് മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ എഫ് (എം.ഡബ്ളിയൂ) 119— 1969 കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം സംഘം രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത്— സംബന്ധിച്ച്.

സൂചന:— (1) ഈ ഓഫീസിലെ 26-9-2025-ലെ ഇതേ നമ്പർ ഉത്തരവ്.

(2) ഫിഷറീസ് ഡെവലപ്മെന്റ് ഓഫീസർ ഗ്രേഡ് 1 പൊന്നാനിയുടെ 24-1-2025-ലെ FDO/PNI/119/65 നമ്പർ അന്വേഷണ റിപ്പോർട്ട്.

ഉത്തരവ്

മലപ്പുറം ജില്ലയിലെ തിരൂർ താലൂക്ക് ഫിഷ് പ്രോസസിംഗ് ആൻഡ് മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ എഫ് (എം.ഡബ്ളിയൂ) 119 സംഘം ദീർഘകാലമായി പ്രവർത്തനങ്ങൾ ഒന്നും തന്നെ നടത്താത്ത സാഹചര്യത്തിൽ സംഘത്തിന്റെ പ്രവർത്തനം നിർത്തൽ ചെയ്ത് ഉത്തരവാകുന്നതിനായി സമഗ്രമായ അന്വേഷണം നടത്തേണ്ടതുണ്ടെന്ന് രജിസ്ട്രാർക്ക് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഫിഷറീസ് ഡെവലപ്മെന്റ് ഓഫീസർ ഗ്രേഡ് 1 പൊന്നാനിയെ ചുമതലപ്പെടുത്തിക്കൊണ്ട് സൂചന (1) പ്രകാരം ഉത്തരവാകുകയും സൂചന (2) പ്രകാരം അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത റിപ്പോർട്ടിൽ ടി സംഘം രൂപീകരിച്ചുവെങ്കിലും സംഘത്തിന്റെതായ യാതൊരു രേഖകളും ലഭ്യമായില്ലെന്നും, ഭരണ സമിതി അംഗങ്ങളുടെ പേരുവിവരങ്ങൾ, സംഘം പ്രവർത്തിച്ച ഓഫീസ് എന്നിവ സംബന്ധിച്ച് യാതൊരു രേഖകളും ലഭ്യമായില്ലെന്നും, സംഘം ഓഡിറ്റ് നടത്തിയിട്ടില്ലെന്നും, ബാങ്ക് അക്കൗണ്ട് ഇല്ലെന്നും, സംഘത്തിന് മത്സ്യഫെഡിൽ അഫിലിയേഷൻ ഇല്ലെന്നും, സംഘം രജിസ്റ്റർ ചെയ്തതല്ലാതെ യാതൊരു പ്രവർത്തനവും നടത്തിയിട്ടില്ലെന്നും, സഹകരണ നിയമങ്ങളോ, തത്വങ്ങളോ സംഘം പാലിച്ചിട്ടില്ലെന്നും, സംഘത്തിന് യാതൊരു പുനരുജ്ജീവന സാധ്യതയുമില്ലെന്നും, ആയതിനാൽ സംഘം രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ട് നിർത്തൽ ചെയ്യാവുന്നതാണെന്ന് വകുപ്പ് 65 പരിശോധന റിപ്പോർട്ടിൽ അന്വേഷണ ഉദ്യോഗസ്ഥൻ വ്യക്തമാക്കിയിരിക്കുന്നു.

മേൽ സാഹചര്യത്തിൽ മലപ്പുറം ജില്ലയിലെ തിരൂർ താലൂക്ക് ഫിഷ് പ്രോസസിംഗ് ആൻഡ് മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ എഫ് (എം.ഡബ്ളിയൂ) 119 സംഘം രജിസ്റ്റർ ചെയ്ത് 6 മാസത്തിനുള്ളിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്നും, മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ഉന്നമനത്തിനായി രൂപീകരിച്ച സംഘത്തിൽ അത്തരത്തിലുള്ള യാതൊരു പ്രവർത്തനവും നടത്തിയിട്ടില്ലെന്നും രജിസ്ട്രാർക്ക് ബോധ്യമായതിനാൽ 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 3 പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് മലപ്പുറം ജില്ലയിലെ തിരൂർ താലൂക്ക് ഫിഷ് പ്രോസസിംഗ് ആൻഡ് മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ എഫ് (എം.ഡബ്ളിയൂ) 119-ൽ വകുപ്പ് 74 പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് സംഘം പിരിച്ചുവിട്ടതായി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. ഉത്തരവ് തീയതി മുതൽ ആയത് പ്രാബല്യത്തിൽ വരുന്നതാണ്.

(ഒപ്പ്)

ഫിഷറീസ് ജോയിന്റ് ഡയറക്ടറുടെ കാര്യാലയം
(ഉത്തരമേഖല), കോഴിക്കോട്.

ഫിഷറീസ് ജോയിന്റ് ഡയറക്ടർ,
ഉത്തരമേഖല (I/c).

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.05.19 03:43:43 +05:30